# മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## തിരുവനന്തപുരം ജില്ല

## ചിറയിൻകീഴ് ബ്ലോക്ക്

### കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **8** തെക്കുംഭാഗം

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 23/11/2019**

**തോണ്ടൽ ദേവി ക്ഷേത്ര ഹാൾ**

---


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03**

**ഫോൺ നമ്പർ** 0471-2724696.Email.keralasocialaudit@gmail.com

**ചിറയിൻകീഴ് ബ്ലോക്ക്**

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

**<u>വാർഡ് നമ്പർ 8 തെക്കും ഭാഗം</u>**

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**<u>10 അവകാശങ്ങൾ</u>**

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## ഫയൽ പരിശോധന

| ഫയൽ നമ്പർ | വർക്ക് കോഡ് | തുക | | പ്രവർത്തിയുടെ പേര് |
|---|---|---|---|---|
| | | അനുവദിച്ചത് | ചെലവായത് | |
| 6/2018-19 | LD/250450 | 495000 | 478724 | തെക്കുംഭാഗം പ്രദേശത്ത് ഖണ്ഗിക 5പ്രകാരമുള്ള കുടുംബങ്ങളുടെ ഭൂമിയിൽ തട്ടുതിരിക്കൽ |
| 82/2018-19 | LD/250451 | 491842 | 477231 | ആയന്റെ വിള പ്രദേശത്തെ ഖണ്ഗിക 5 പ്രകാരമുള്ളവരുടെ കുടുംബങ്ങളുടെ ഭൂമിയിൽ തട്ടുതിരിക്കൽ |
| 51/2018-19 | DP/270701 | 493000 | 493000 | കണ്ണാട്ട് തുരുത്ത് പ്രദേശത്തെ പാട്ടക്കൃഷി |
| 28/2018-19 | WH/300810 | 296331 | 247382 | കാട്ടിൽതോട് പുനരുദ്ധാരണവുംബണ്ട് നിർമ്മാണവും |

തെക്കുംഭാഗം പ്രദേശത്ത് ഖണ്ഡിക 5 പ്രകാരമുള്ള കുടുംബങ്ങളുടെ ഭൂമിയിൽ തട്ട് തിരിക്കൽ മൺകല നിർമ്മാണം വായനയുടെ പ്രദേശത്തെ ഖണ്ഡിക 5 പ്രകാരമുള്ള കുടുംബങ്ങളുടെ ഭൂമികൾ തട്ട് തിരിക്കൽ കണ്ണട തുരുത്ത് പ്രദേശത്തെ പാട്ടകൃഷി കാട്ടിൽ തോട് പുനരുദ്ധാരണവും വണ്ട് നിർമ്മാണവും എന്നീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാല് ഫയലുകളാണ് പരിശോധിച്ചത്. കടയ്ക്കാവൂർ പഞ്ചായത്ത് 2923 തൊഴിൽകാർഡ് കുടുംബങ്ങളാണ് ഉള്ളത് എങ്കിലും 1898 ആക്ടീവ് കുടുംബങ്ങൾ ഉള്ളതിൽ എട്ടാം വാർഡിൽ 165 തൊഴിൽകാർഡ് കുടുംബങ്ങളാണ് തൊഴിൽ കാർഡ് എടുത്തിട്ടുള്ളത് എങ്കിലും 65 ആക്ടീവ് വർക്കേഴ്സ് ആണ് ഉള്ളത്.

### കവർപേജ്

നാല് ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചില്ല.

⚫ചെക്ക് ലിസ്റ്റ്

നാല് ഫയലുകളിലും ചെക്‌ലിസ്റ് ഉണ്ടായിരുന്നില്ല.

⚫ ആക്ഷൻ പ്ലാൻ കോപ്പി

നാല് ഫയലുകളും ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല

⚫ഡ്രോയിങ് ആൻഡ് ഡിസൈനിങ്

നാലു ഫയലുകളിലും ഡ്രോയിങ് ആൻഡ് ഡിസൈനിങ് ഉണ്ടായിരുന്നില്ല.

⚫ഭരണാനുമതി(administrative sanction )

ഫയൽ നമ്പർ 82 /2018- 19 AS ഉണ്ടായിരുന്നില്ല. ബാക്കി മൂന്ന് ഫയലുകളുംAS ഉണ്ടായിരുന്നു.

⚫സാങ്കേതിക അനുമതി(technical sanction )

നാല് ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

⚫ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്

4 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് കാണാൻ കഴിഞ്ഞു.

⚫ഡിമാൻഡ് form

4 ഫയലുകളിലും ഡിമാൻഡ് form കാണാൻ സാധിച്ചു. പക്ഷേ തൊഴിലാളികൾക്ക് അതിന്റെ കൈപറ്റ് രസീത് തൊഴിലാളികൾക്കു നൽകിയിട്ടില്ല. അത് ഫയലിൽ തന്നെ കാണാൻ സാധിച്ചു.

⚫വർക്ക് അലോക്കേഷൻ ഫോറം

4ഫയലുകളിലും വർക്ക് അലോക്കേഷൻ ഫോമില്ലായിരുന്നു

⚫മസ്റ്റർ റോൾ

നാല് ഫയലുകളിൽ ആയി 117 മസ്റ്റർ റോളുകൾ ആണ് ഉണ്ടായിരുന്നത്.

ഫയൽ നമ്പർ 82/ 2018- 19, മസ്റ്റർ റോൾ നമ്പർ 25967, 25968, എന്നിവയിൽ മാറ്റിന്റെ ഒപ്പ് ഇല്ലായിരുന്നു.

മസ്റ്റർ റോൾ നമ്പർ 25968 ടോട്ടൽ പെയ്മെന്റ് എഴുതിയിട്ടില്ലായിരുന്നു.

- വേജ് ലിസ്റ്റ്

മൂന്ന് ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു. ഫയൽ നമ്പർ 82 /2018- 19 വേജ് ലിസ്റ്റ് ഇല്ലായിരുന്നു

- FTO

നാല് ഫയലുകളിലും FTOകാണാൻ കഴിഞ്ഞില്ല.

- ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി

4 ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി ഉണ്ടായിരുന്നില്ല

- മൂല്യനിർണയ സാക്ഷിപത്രം

4 ഫയലുകളിലും മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു

- ഫയർ ട്രാക്കിംങ് ഫോറം

ഫയൽ നമ്പർ 28 /2018- 19 ഫയർ ട്രാക്കിംങ് ഫോറം ഉണ്ടായിരുന്നു പക്ഷേ ഒന്നും പൂരിപ്പിച്ചിട്ടില്ലായിരുന്നു. ബാക്കി മൂന്ന് ഫയലുകളിലും ഫയൽ ടാക്കിങ് ഫോറം ഇല്ലായിരുന്നു

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

നാലു ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഇല്ലായിരുന്നു.

- വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്

നാലുഫയലുകളിലും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

- മെഷർമെൻറ് ബുക്ക്

നാലുഫയലുകളിലും M.ബുക്ക് തുകയും മസ്റ്റർ റോൾ ടോട്ടൽ തുകയും തുല്യമായിരുന്നു.

● സൈറ്റ് ഡയറി

നാലു ഫയലുകളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നുവെങ്കിലും ഒന്നും പൂർണമായിരുന്നില്ല.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

**ഗുണഭോക്താക്കളുടെ പേര് :**

1.ഭാസ്കരൻ മകൻ സുധാകരൻ

2. സുരേന്ദ്രൻ മകൻ സുരേഷ് നാഥ്

3. തുളസിദാസ് മകൾ ബിന്ദു ഷ

4. ഗോവിന്ദൻ മകൾ വസന്ത

5. ശ്രീനിവാസൻ മകൾ സുനിത

6. ശിവാനന്ദൻ മകൻ ബാബു

7.നാരായണൻ മകൻ ലക്ഷ്മണൻ

8.രാഘവൻ ഭാര്യ സുചിത്ര

9.സുദർശനൻ ഭാര്യ സിന്ധു.

10.പ്രഭാകരൻ ഭാര്യ സാവിത്രി

11.പത്മാവതി അമ്മ മകൾ ശ്രീദേവി

12.സുധാകരൻ മകൾ ശ്രീജ

13.മോഹനൻ മകൾ ആതിര

14.കുമാരി ആശാരി മകൾ ഗിരിജ

15.ദേവകി മകൻ ബ്രഹ്മണ്യൻ ആശാരി

2018 19 കാലയളവിലെ കാട്ടിൽ തോട് പുനരുദ്ധാരണവും,ബണ്ട് നിർമ്മാണവും, കണ്ണാട്ടു തുരുത്ത് പ്രദേശത്തെ പാട്ടകൃഷി, ആയാന്റെ വിള പ്രദേശത്തെ ഖണ്ഡിക 5 പ്രകാരമുള്ള കുടുംബങ്ങളുടെ ഭൂമിയിൽ തട്ട് തിരിക്കൽ എന്നീ പ്രവർത്തനങ്ങളാണ് ചെയ്തത്. 43 പുരയിടങ്ങൾ ആയിട്ടാണ് ഈ പ്രവർത്തി പൂർത്തീകരിച്ചത്. എസ്റ്റിമേറ്റ് പ്രകാരം 72 വരമ്പുകളും, 92 മഴ കുഴികളും, നാല് പണ എന്നിവ ഉണ്ടായിരുന്നു. ഫീൽഡിൽ ഈ

പ്രവർത്തികൾ ഒന്നും പൂർണ്ണമായി കാണാൻ സാധിച്ചിരുന്നില്ല, അതിന്റെ പ്രധാനകാരണം പണികഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞതിനാൽ മിക്ക പുരയിടങ്ങളും കാടുകയറിയ അവസ്ഥയിലായിരുന്നു. പാട്ട കൃഷിചെയ്ത് പുരയിടങ്ങളിൽ വാഴ, മരച്ചീനി, ചേമ്പ്, ചേന, കത്തിരി, ഇഞ്ചി എന്നിവ കൃഷി ചെയ്തിരിക്കുന്നത് കാണാൻ സാധിച്ചു. കാട്ടിൽ തോട് മുളയാണി, കയർ, എന്നിവ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തതതും ബണ്ട് പിടിച്ചിരിക്കുന്നതും കാണാൻ സാധിച്ചു

## ഡോർ ടു ഡോർ വെരിഫിക്കേഷൻ

തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് തൊഴിലാളികൾക്ക് അവർക്കുള്ള 10 അവകാശത്തെക്കുറിച്ച് കൃത്യമായ ധാരണ ഇല്ലായിരുന്നു എന്നാണ്. തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. തൊഴിലാളികൾ അവരുടെ തൊഴിൽദിനങ്ങൾ കൂട്ടണമെന്നും, സമയ ദൈർഘ്യം കുറയ്ക്കണമെന്നും ആവശ്യപ്പെട്ടു. തൊഴിൽ ദിനങ്ങളുടെ എണ്ണം 100 ദിവസങ്ങളിൽ നിന്നും കൂട്ടണമെന്നും ആവശ്യപ്പെട്ടു. തൊഴിൽ കഴിഞ്ഞ് കാലതാമസം എടുക്കാതെ തന്നെ വേദനം ലഭ്യമാക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

# <u>ഗ്രാമസഭ റിപ്പോർട്ട്</u>

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വാർഡ് 8 തെക്കും ഭാഗം

## ചിറയിൻകീഴ് ബ്ലോക്ക്

## കടയ്ക്കാവൂർ  പഞ്ചായത്ത്

**<u>അജണ്ട</u>**

1.ഈശ്വരപ്രാർത്ഥന

2.പ്രതിജ്ഞ

3.അദ്ധ്യക്ഷയെ തിരഞ്ഞെടുക്കൽ

4.സ്വാഗതം

5. റിപ്പോർട്ട് അവതരണം

6.ചർച്ച

7.തീരുമാനം

8.കൃതജ്ഞത

തീയതി :23/11/2019

സമയം :3:00pm

2018-19 കടയ്ക്കാവൂർ പഞ്ചായത്ത്, വാർഡ് 8 തെക്കും ഭാഗം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. 23/11/2019 3മണിയോട് കൂടി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ആരംഭിച്ചു. തോണ്ടൽ ദേവി ക്ഷേത്ര ഹാളിൽ വെച്ചാണ് ഗ്രാമസഭ നടന്നത്. വാർഡ് മെമ്പർ സുകുട്ടൻ പങ്കെടുത്തു. AE, oversear എന്നിവരുടെ  അഭാവത്തിലാണ് ഗ്രാമസഭ നടന്നത്.

35തൊഴിലാളികൾ പങ്കെടുത്തതിൽ നിന്നും അധ്യക്ഷആയി തിരഞ്ഞെടുത്തത് ശ്രീമതി മിനിയെ ആയിരുന്നു. സ്വാഗതം വാർഡ് മെമ്പർ ശ്രീമാൻ സുകുട്ടൻ പറഞ്ഞു. തുടർന്ന് vrp അരണ്യ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. Vrp സുജി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയെ പറ്റിയും അതിന്റെ ആവശ്യകതയെ പറ്റിയും വിശദികരിച്ചു. അതുപോലെ തന്നെ 10അവകാശങ്ങളും വിശദീകരിച്ചു. Vrp ശ്രീവന്ദന റിപ്പോർട്ട് അവതരിപ്പിച്ചു.

**ചർച്ച**

തുടർന്നുള്ള ചർച്ചയിൽ തൊഴിലാളികൾ അവരുടെ വേതനം വൈകുന്നതിനെ കുറിച്ചും തൊഴിൽ ലഭിക്കാത്ത സാഹചര്യത്തെ കുറിച്ചും സമയക്രമം (9-4)മാറ്റണമെന്നും ആവശ്യങ്ങൾ ഉന്നയിച്ചു. 100ദിവസം പൂരിതയായവർക്ക് ആർക്കും ബോണസ് തുക കിട്ടിയിട്ടില്ല. എല്ലാവർക്കും ഉടനെ കിട്ടുമെന്ന് മെമ്പർ മറുപടിപറഞ്ഞു.

തൊഴിലാളികളിൽ ചിലർ തെങ്ങിൻ തൈ കുഴിയെടുക്കൽ വെള്ളം കോരൽ എന്നിവ ചെയ്തിട്ട് കൂലി ഇതുവരെ കിട്ടിയില്ല എന്ന് പരാതിപറഞ്ഞു. Muster roll ഇല്ലാതെയാണ് പണി ചെയ്തത്. Muster roll ഇല്ലാതെ എന്തിനാണ് പണി ചെയ്തത് എന്ന ചോദിച്ചപ്പോൾ nrega ഉദ്യോഗസ്ഥർ ഈ സാമ്പത്തിക വരഷത്തിൽ muster roll കൊടുക്കാമെന്നും ആണ് പറഞ്ഞത് എന്ന് തൊഴിലാളികൾ പറഞ്ഞു. മെമ്പർ ഇതിനു മറുപടി ആയി പറഞ്ഞത് തെങ്ങിൻ തൈക്ക് കുഴിയെടുത്തവരും വെള്ളം കോരിയവരും 100ദിവസത്തെ പ്രവർത്തി പൂർത്തിയാക്കിവരാണ്. അതുകൊണ്ടാണ് ഉദ്യോഗസ്ഥർ muster roll പഅടുത്ത സാമ്പത്തിക വർഷത്തിൽ muster റോൾ തരാമെന്നു പറഞ്ഞത്. Muster റോൾ ഇല്ലാതെ എന്തിനു പണി ചെയ്യിപ്പിച്ചു എന്ന ചോദ്യത്തിന് muster റോൾ കിട്ടുന്നത് വരെ തെങ്ങിൻ തൈ നടാതിരിക്കാൻ പറ്റുമോ എന്നാണ് മെമ്പർ മറുപടി പറഞ്ഞത്. ശേഷം തൊഴിൽ സൈറ്റുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ എന്നിവ ഇല്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു. തൊഴിലാളികൾ ഇതിനൊന്നിനും അപേക്ഷിക്കാത്തതുകൊണ്ടാണ് ലഭ്യമാകത്തത് എന്ന് മെമ്പർ പറഞ്ഞു. തൊഴിൽ സൈറ്റിൽ വെച്ച് അപകടം നടന്നാലും മെമ്പറെ അറിയിക്കാറില്ലന്നും ശ്രീമാൻ സുകുട്ടൻ പറഞ്ഞു. തുടർന്ന് റിപ്പോർട്ട്കൈയ്യടിച്പാസ്സാക്കി. ദേശീയഗാനത്തോടുകൂടി യോഗം പിരിച്ചുവിട്ടു.

തയാറാക്കിയത്

VRP ശ്രീനന്ദന, ശ്രീവന്ദന, അരണ്യരാജ്, നന്ദിനി